പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

10/02/2016 -ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 826

## ദേവസ്വം ബോർഡുകളുടെ ചുമതലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ദേവസ്വം ബോർഡുകളുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) ദേവസ്വം ബോർഡുകളുടെ കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങളും ഉത്സവങ്ങളും പൂജാവിധികളും മുടക്കം കൂടാതെ നടക്കുന്നുണ്ടെന്നുറപ്പുവരുത്തുക, ഭക്തജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക, ക്ഷേത്രങ്ങളുടെ സ്ഥാവര ജംഗമ വസ്തുക്കളുടെ സംരക്ഷണം ഉറപ്പാക്കുക, ഫണ്ടുകളുടെ വിനിയോഗം ശരിയാംവണ്ണം നടക്കുന്നുണ്ടെന്നുറപ്പുവരുത്തുക, ക്ഷേത്രം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചു നടപ്പിലാക്കുക എന്നിവയാണ് ദേവസ്വം ബോർഡുകളുടെ പ്രധാന ചുമതലകൾ. |
| ബി) ദേവസ്വം ബോഡുകൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ഓരോ ദേവസ്വം ബോർഡിനും എത്ര തുക വീതം നല്കി എന്ന് വിശദമാക്കാമോ; | ബി) മലബാർ ദേവസ്വം ബോർഡിന് ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ 2011-12 -ൽ 19.8 കോടിയും 2012-13 -ൽ 22.49 കോടിയും 2013-14 -ൽ 17.1680 കോടിയും 2015-16 -ൽ ഇതേവരെ 12 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മറ്റ് ദേവസ്വങ്ങൾക്കൊന്നും തന്നെ ഗ്രാന്റ് അനുവദിച്ച് നൽകുന്നില്ല. എന്നാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും ഭരണഘടനാ പ്രകാരമുള്ള കോൺട്രിബ്യൂഷൻ നൽകിവരുന്നുണ്ട്. നിലവിൽ ഇത് യഥാക്രമം 80 ലക്ഷവും 20 ലക്ഷവും വീതമാണ്. |
| സി) ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും വരുമാനം സർക്കാർ ഏറ്റെടുക്കാറുണ്ടോ; വിശദവിവരം അറിയിക്കാമോ; | സി) ഇല്ല. |
| ഡി) ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും ഉൽസവങ്ങൾക്കും വേണ്ടി ഈ സർക്കാരിന്റെ കാലത്ത് ഖജനാവിൽ നിന്നും തുക ചെലവായിട്ടുണ്ടോ; വ്യക്തമായ വിവരം നല്കാമോ ; | ഡി) തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരി ചൊവ്വല്ലൂർ ശിവക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിനായി 4 ലക്ഷം രൂപയും, മലപ്പുറം ജില്ലയിലെ ചമ്രവട്ടം ശ്രീ അയ്യപ്പക്ഷേത്രത്തിന്റെ പുനർനിർമ്മാണത്തിനായി 5 ലക്ഷം രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ മലബാർ ദേവസ്വം ബോർഡ് മലബാറിലുള്ള ക്ഷേത്രങ്ങൾക്ക് പുനരുദ്ധാരണത്തിന് പ്രതിവർഷം 5 കോടിയിൽപ്പരം രൂപ ധനസഹായം നൽകിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| ഇ) | കേരളത്തിൽ ചെലവിനേക്കാൾ കൂടുതൽ വരുമാനം ഉള്ള എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും മിച്ചമുള്ള തുക എന്തിന് ചെലവഴിക്കുമെന്നും അറിയിക്കാമോ? | ഇ) | തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള 130 ക്ഷേത്രങ്ങളിലും കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള 3 ക്ഷേത്രങ്ങളിലും ഗുരുവായൂർ ക്ഷേത്രത്തിലും ചെലവിനേക്കാൾ കൂടുതൽ വരുമാനം ലഭിക്കുന്നുണ്ട്. ടി ക്ഷേത്രങ്ങളിൽ നിന്നും ലഭിക്കുന്ന അധിക വരുമാനം അതാതു ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വരവുകുറഞ്ഞ മറ്റു ക്ഷേത്രങ്ങളുടെ നടത്തിപ്പിനായി ഉപയോഗിക്കുന്നു. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലെ ദൈനംദിന ഭരണവും വരവ് ചെലവുകളുടെ നടത്തിപ്പും അതാത് ക്ഷേത്ര ഭരണാധികാരികളാണ് നടത്തിവരുന്നത്. മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ഫണ്ട് നേരിട്ട് കൈകാര്യം ചെയ്യുന്നില്ല. ടി ബോർഡിനു കീഴിലുള്ള 62 ക്ഷേത്രങ്ങളിൽ ചെലവിനേക്കാൾ കൂടുതൽ വരുമാനം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ